I ഇ.ബി. XIII-കേരള നിയമസഭ/XVI-1

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഫെബ്രുവരി 5, വെള്ളി

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2016 ഫെബ്രുവരി മാസം 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## ഗവർണ്ണറുടെ പ്രസംഗം

നിയമസഭാമന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.55-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണറെ (റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം) ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേയ്ക്ക് ആനയിച്ചു. ഗവർണ്ണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് ഗവർണ്ണറെ സ്വാഗതം ചെയ്തു. തുടർന്ന് സെക്രട്ടറി, സ്പീക്കർ, ഗവർണ്ണർ, ഗവർണ്ണറുടെ പേഴ്സണൽ സ്റ്റാഫ്, ചീഫ് സെക്രട്ടറി എന്നീ ക്രമത്തിൽ ഗവർണ്ണറെ സ്പീക്കറുടെ വേദിയിലേക്ക് ആനയിച്ചു.

ബഹുമാന്യരായ ഗവർണ്ണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

ബഹുമാനപ്പെട്ട ഗവർണ്ണർ വേദിയിലെത്തി നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്ത് ഉപവിഷ്ടനായി. ബഹുമാനപ്പെട്ട ഗവർണ്ണർ 9.00 മണിക്ക് പ്രസംഗം ആരംഭിച്ചു.

തദവസരത്തിൽ പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും ചെയ്തപ്പോൾ താൻ ഭരണഘടനാപരമായ കടമയാണ് നിർവ്വഹിക്കുന്നതെന്നും ഒന്നുകിൽ ശാന്തമായി ഇരിക്കണം അല്ലെങ്കിൽ സഭയ്ക്ക് പുറത്തു പോകണമെന്ന് ഗവർണ്ണർ പ്രതിപക്ഷത്തോട് ആവശ്യപ്പെടുകയും ചെയ്തു. ഗവർണ്ണർ സഭയെ അഭിസംബോധന ചെയ്തപ്പോൾ പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭ ബഹിഷ്ക്കരിച്ച് പുറത്തുപോയി.

രാവിലെ 11.37-ന് ബഹുമാനപ്പെട്ട ഗവർണ്ണർ പ്രസംഗം വായിച്ചു പൂർത്തിയാക്കി.

അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണ്ണർ പുറത്തുപോയ ഉടൻ സ്പീക്കേഴ്സ് ഗ്യാലറിയിൽനിന്ന് ഒരാൾ ഉച്ചത്തിൽ എന്തോ വിളിച്ചുപറയുകയും ഉടൻതന്നെ അയാളെ വാച്ച് ആന്റ് വാർഡ് വായ്പൊത്തി പിടിച്ച് പുറത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്തു.

ബഹുമാനപ്പെട്ട ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ അംഗങ്ങൾക്ക് ഉടൻ വിതരണം ചെയ്യുന്നതാണെന്നും പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2016 ഫെബ്രുവരി 9-ാം തീയതി ആരംഭിക്കുന്നതാണെന്നും നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ 2016 ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം മൂന്ന് മണിക്ക് മുൻപായി പ്രസ്തുത ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ

എൽപ്പിക്കേണ്ടതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

**മേശപ്പുറത്തുവച്ച കടലാസ്**

2016-ലെ നാലാം നമ്പർ ഓർഡിനൻസ് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അറിയിപ്പ്**

കുന്നത്തൂർ നിയമസഭാ നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ തന്റെ എം.എൽ.എ. സ്ഥാനം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 5-ാം ഉപചട്ട പ്രകാരം സ്പീക്കർ സഭയെ അറിയിച്ചു.

സഭ രാവിലെ 11.45-ന് പിരിഞ്ഞു.

*************